**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 565 28.09.2016-ന് മറുപടിയ്ക്ക്**

**വനം വകുപ്പ് 'ജണ്ട' കെട്ടിയതായിട്ടുള്ള ആക്ഷേപം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സ്വകാര്യ വ്യക്തികളുടെ പേരിലുള്ള സ്ഥലത്ത് വനം വകുപ്പ് 'ജണ്ട' സ്ഥാപിച്ചതായുള്ള എത്ര കേസുകൾ പാലക്കാട് ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | ഈസ്റ്റേൺ സർക്കിൾ പാലക്കാടിന് കീഴിൽ മണ്ണാർക്കാട് ഡിവിഷനിൽ സ്വകാര്യ വ്യക്തികളുടെ പേരിലുള്ള സ്ഥലത്ത് വനം വകുപ്പ് ജണ്ടസ്ഥാപിച്ചതായുള്ള 3 പരാതികൾ നിലവിലുണ്ട്. നെന്മാറ ഡിവിഷനിൽ കാവശ്ശേരി II വില്ലേജിൽപ്പെട്ടതും ഒ.എ-12/2000 കേസിലുൾപ്പെട്ടതുമായ സ്ഥലത്ത് നേരത്തെ ഒരു ജണ്ട സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ജണ്ട കെട്ടിയ സ്ഥലങ്ങൾ നിയമപരമായി പരിശോധിച്ച് സമയബന്ധിതമായി, അർഹതപ്പെട്ടവർക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മണ്ണാർക്കാട് ഡിവിഷനുകീഴിലുള്ള ജണ്ട കെട്ടിയ സ്ഥലങ്ങൾ നിയമപരമായി പരിശോധിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെന്മാറ ഡിവിഷനു കീഴിലുള്ള ഒ.എ. 12/2000 നം. കേസിലുൾപ്പെട്ട സ്ഥലം അപേക്ഷകർക്ക് 11.02.2011 ന് വിട്ടു നൽകിയിട്ടുള്ളതും ഇപ്പോൾ അവരുടെ കൈവശത്തിലുള്ളതുമാണ്. |
| (സി) | നിലവിൽ ഇത്തരം എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; വിശദവിവരം നൽകുമോ;പ്രസ്തുത അപേക്ഷകളുടെ കാര്യത്തിൽ 6 മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | മണ്ണാർക്കാട് ഡിവിഷനിൽ 3 അപേക്ഷകൾ പരിഗണനയിലുണ്ട്. അപേക്ഷകരുടെ പേര് വിവരം താഴെ ചേർക്കുന്നു.<br>1) ശ്രീമതി. ജമീല W/o ഹിദായത്ത്, പെട്ടൻകടവ് മലയിൽ, കൊയിലാണ്ടി താലൂക്ക്.<br>2) ശ്രീ. വി. ചിന്നസ്വാമി S/o ഭരതരാജ് മട്ടത്ത്കാട്.<br>3) ശ്രീ. രംഗൻ, S/o മശണ്ണൻ, താഴെമൂലകൊമ്പ്<br>പ്രസ്തുത അപേക്ഷകൾ നിയമപരമായി സാധുത ഉള്ളതാണോ എന്ന് പരിശോധിച്ച് എത്രയും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**